**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2856** **25-06-2024 - ൽ മറുപടിയ്ക്ക്**

**പിന്നാക്ക സമുദായ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. കെ. രാധാകൃഷ്ണൻ**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പിന്നാക്ക സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് നിലവിൽ എന്തെല്ലാം സ്കോളർഷിപ്പുകളാണ് നൽകി വരുന്നതെന്ന് വിശദമാക്കാമോ; | (എ) | പിന്നാക്ക സമുദായങ്ങളിലെ വിദ്യാർത്ഥി കൾക്ക് നിലവിൽ അനുവദിച്ചുവരുന്ന സ്കോളർഷിപ്പുകളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | ഇവയിൽ കേന്ദ്ര സർക്കാരിന്റെ എന്തെങ്കിലും വിഹിതം ഉൾപ്പെട്ടുന്നുണ്ടോ; വിശദാംശം നൽകാമോ? | (ബി) | PM-YASASVI ഒ..ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ്, PM-YASASVI ഒ.ബി.സി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് എന്നീ പദ്ധതികൾ 60% കേന്ദ്ര സഹായത്തോടെയാണ് നടപ്പാക്കുന്നത്. ടി പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

BCDIR/504/2024-A3
അനുബന്ധം

1. ഒ.ബി.സി./ഇ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ് (PM-YASASVI) (60% CSS)

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന 50% കേന്ദ്രസഹായത്തോടെ നടപ്പാക്കി വന്നിരുന്ന ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി കേന്ദ്ര സാമൂഹ്യ നീതിയും ശാക്തീകരണവും മന്ത്രാലയം അംഗീകരിച്ച് ഇറക്കിയ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഒ.ബി.സി./ഇ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ് 2022-23 മുതൽ PM-YASASVI (PM Young Achievers Scholarship Award Scheme for Vibrant India for OBC's) എന്ന പേരിൽ 60% കേന്ദ്രസഹായത്തോടെ നടപ്പാക്കാൻ തീരുമാനിച്ചിരുന്നു. സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 9,10 ക്ലാസ്സുകളിൽ പഠിക്കുന്ന, കുടുംബ വാർഷിക വരുമാനം 2,50,000/- രൂപയിൽ അധികരിക്കാത്ത ഒ.ബി.സി./ഇ.ബി.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രതിവർഷം വർഷം 4000/- രൂപ അക്കാദമിക് അലവൻസ് ഇനത്തിൽ ലഭിക്കും.

2. കെടാവിളക്ക് സ്കോളർഷിപ്പ് പദ്ധതി

സംസ്ഥാനത്തെ സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ഒ.ബി.സി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി 100% സംസ്ഥാനവിഹിതം ചെലവഴിച്ച് നടപ്പാക്കുന്ന പദ്ധതിയാണിത്. 2021-22 വർഷം വരെ 50% കേന്ദ്രസഹായത്തോടെ നടപ്പാക്കി വന്നിരുന്ന ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി കേന്ദ്ര സാമൂഹ്യ നീതിയും ശാക്തീകരണവും മന്ത്രാലയത്തിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഒ.ബി.സി./ഇ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ് PM-YASASVI (PM Young Achievers Scholarship Award Scheme for Vibrant India for OBC's) എന്ന പേരിൽ 9,10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് മാത്രമായി പരിമിതപ്പെടുത്തിയപ്പോൾ ടി പദ്ധതിയിൽ നിന്ന് ഒഴിവാക്കപ്പെട്ട 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ഒ.ബി.സി വിദ്യാർത്ഥികൾക്ക് മുൻപ് ലഭിച്ചിരുന്ന അതേ നിരക്കിൽ (പ്രതിവർഷം 1500 രൂപ) സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി 2023-24 വർഷം മുതൽ സംസ്ഥാന സർക്കാർ ആരംഭിച്ച പദ്ധതിയാണിത്. കുടുംബ വാർഷിക വരുമാന പരിധി - 2.5 ലക്ഷം രൂപ.

3. ഒ.ബി.സി./ഇ.ബി.സി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് (60% CSS)

100% കേന്ദ്ര സഹായത്തോടെ പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പാക്കി വന്നിരുന്ന ഒ.ബി.സി പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി കേന്ദ്ര സാമൂഹ്യ നീതിയും ശാക്തീകരണവും മന്ത്രാലയം അംഗീകരിച്ച് ഇറക്കിയ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഒ.ബി.സി./ഇ.ബി.സി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് PM-YASASVI (PM Young Achievers Scholarship Award Scheme for Vibrant India for OBC's) എന്ന പേരിൽ 60%

കേന്ദ്രസഹായത്തോടെ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഒ.ബി.സി/ഇ.ബി.സി. വിഭാഗത്തിൽപ്പെട്ട ഹയർ സെക്കന്ററി വിദ്യാർത്ഥികൾ, സംസ്ഥാനത്തിനകത്ത് CA/CMA/ICWA/CS കോഴ്സുകളിൽ പഠിക്കുന്നവർ, സംസ്ഥാനത്തിനു പുറത്ത് ദേശീയ പ്രാധാന്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഖിലേന്ത്യാടിസ്ഥാനത്തിൽ നടത്തുന്ന തെരഞ്ഞെടുപ്പ് രീതി പ്രകാരം പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ എന്നിവർക്കാണ് സ്കോളർഷിപ്പ് ലഭിക്കുന്നതിന് അർഹതയുള്ളത്. സംസ്ഥാനത്തിനു പുറത്ത് പഠിക്കുന്നവർക്കുള്ള ഫീസ് നിരക്കുകൾ ചുവടെ ചേർക്കുന്നു.

| കോഴ്സ് | അക്കാദമിക് അലവൻസ് | ട്യൂഷൻ ഫീ | ആകെ (വർഷത്തിൽ) |
|---|---|---|---|
| ഗ്രൂപ്പ് 1 (DEGREE, PG & All Professional Course) | 10000 | 10000 | 20000 |
| ഗ്രൂപ്പ് 2 (Other Professional Courses leading to Degree, Diploma, Certificate) | 8000 | 5000 | 13000 |
| ഗ്രൂപ്പ് 3 (Graduate and Post Graduate courses not covered under Group I & Group II) | 6000 | 2000 | 8000 |
| ഗ്രൂപ്പ് 4 (All post-matriculation (Post Class X level) non-degree courses) | 5000 | 0 | 5000 |

CA,CMA,CS കോഴ്സുകൾക്ക് അനുവദിക്കുന്ന പരമാവധി സ്കോളർഷിപ്പ് നിരക്ക് Academic Allowance ₹10,000/-, ട്യൂഷൻ ഫീസ് ₹10,000/- എന്നിങ്ങനെ ആകെ ₹20,000/- ആയിരിക്കും.

## 4. ഓവർസീസ് സ്കോളർഷിപ്പ്

ഒ.ബി.സി വിഭാഗങ്ങളിൽപ്പെട്ട ഉന്നത പഠന നിലവാരം പുലർത്തിവരുന്ന വിദ്യാർത്ഥികൾക്ക് വിദേശസർവ്വകലാശാലകളിൽ മെഡിക്കൽ/ എഞ്ചിനീയറിങ്/ പ്യൂവർ സയൻസ്/ അഗ്രികൾച്ചർ/ മാനേജ്മെന്റ് കോഴ്സുകളിൽ ഉപരിപഠനം നടത്തുന്നതിനുള്ള അവസരം ഒരുക്കി നടപ്പാക്കുന്ന പദ്ധതിയാണിത്. 2014 മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പരമാവധി 10 ലക്ഷം രൂപയാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. 6 ലക്ഷം രൂപയാണ് കുടുംബ വാർഷിക വരുമാന പരിധി.

## 5. മാതാവോ പിതാവോ രണ്ട് പേരുമോ നഷ്ടപ്പെട്ട ഒ.ബി.സി വിദ്യാർത്ഥിനികൾക്കുള്ള പ്രത്യേക സ്കോളർഷിപ്പ്

സംസ്ഥാനത്തെ പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ടതും, മെഡിക്കൽ / മെഡിക്കൽ അനുബന്ധ കോഴ്സുകൾക്ക് പഠിക്കുന്നതും, മാതാവിനെയോ പിതാവിനെയോ അല്ലെങ്കിൽ ഇരുവരെയുമോ നഷ്ടപ്പെട്ടതുമായ വിദ്യാർത്ഥിനികൾക്ക് സ്പെഷ്യൽ സ്കോളർഷിപ്പ് അനുവദിക്കുന്ന പദ്ധതിയാണിത്. ട്യൂഷൻ ഫീസ്, മെയിന്റനൻസ് അലവൻസ് എന്നിവ സഹിതം പരമാവധി ആകെ 50,000/- രൂപയാണ് ഒരു വിദ്യാർത്ഥിനിയ്ക്ക് ഒരു വർഷം അനുവദിക്കുന്നത്. 2.5 ലക്ഷം രൂപയാണ് കുടുംബ വാർഷിക വരുമാന പരിധി.

******************************